**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2010** **11-10-2021 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര നഗരത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പേരാമ്പ്ര പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ ; | (എ) | പേരാമ്പ്ര പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ താഴെപ്പറയുന്നവയാണ്. 1.നടുവണ്ണൂർ 2.കോട്ടൂർ 3.കായണ്ണ 4.നൊച്ചാട് 5.പേരാമ്പ്ര 6.കൂത്താളി 7.ചങ്ങരോത്ത് |
| (ബി) | പ്രസ്തുത സ്റ്റേഷൻ പരിധിയിൽ എത്ര കിലോമീറ്റർ സംസ്ഥാനപാത ഉൾപ്പെട്ടിട്ടുണ്ട്; സ്റ്റേഷനിലെ അംഗബലം എത്രയാണ്; നിലവിൽ ആവശ്യമായ ജീവനക്കാരുണ്ടോ; സ്റ്റേഷന്റെ ആവശ്യങ്ങൾക്കനുസൃതമായി വാഹനങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ; | (ബി) | പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധയിൽ 23 കി.മി സംസ്ഥാനപാത ഉൾപ്പെട്ടിട്ടുണ്ട്. പേരാമ്പ്ര പോലീസ് സ്റ്റേഷനിലെ അംഗബലം 52 ആണ്. IP SI ASI SCPO CPO WCPO 1 4 2 10 27 8 സ്റ്റേഷൻ പരിധിയിൽ ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനും ജനങ്ങളുടെ സമാധാന ജീവിതം ഉറപ്പുവരുത്തുന്നതിനും അത്യാവശ്യമായ തസ്തികകളും വാഹനങ്ങളും പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (സി) | പേരാമ്പ്ര നഗരത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗതാഗത കുരുക്ക് ഉണ്ടാകുന്ന സ്ഥലങ്ങളിൽ പോലീസിനെയും, ഹോംഗാർഡിനെയും നിയോഗിച്ച് ഗതാഗത കുരുക്ക് പരിഹരിച്ചു വരുന്നുണ്ട്. |
| (ഡി) | എങ്കിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഗണിച്ച് ഒരു ട്രാഫിക് യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | പുതുതായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ